# ആമുഖം.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി ഐക്യരാഷ്ട്ര സഭ (യു.എൻ) സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും, എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റ് പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു.

# സെന്റ് മേരീസ് എൽ.പി സ്കൂൾ

## മല്ലപ്പുഴശ്ശേരി

## അടിസ്ഥാന വിവരങ്ങൾ.

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് മേരീസ് എൽ പി മല്ലപ്പുഴശ്ശേരി. |
| വിലാസം | : മല്ലപ്പുഴശ്ശേരി P.O. മല്ലപ്പുഴശ്ശേരി പത്തനംതിട്ട. |
| ഫോൺ | : |
| ഇ.മെയിൽ | : |
| സ്കൂൾ കോഡ് | : 321207 |
| വിദ്യാഭ്യാസ ഉപജില്ല | : മല്ലപ്പുഴശ്ശേരി. |
| വിദ്യാഭ്യാസ ജില്ല | : പത്തനംതിട്ട. |
| റവന്യൂ ജില്ല | : |
| ബി. ആർ. സി | : |
| ഗ്രാമ പഞ്ചായത്ത് | : മല്ലപ്പുഴശ്ശേരി. |

# ചരിത്രം

മല്ലപ്പള്ളി സെന്റ് മേരീസ് എൽ.പി സ്കൂൾ 1927ൽ സ്ഥാപിതമായ ഒരു പ്രൈവറ്റ് എയ്ഡഡ് സ്ഥാപനമാണ്. കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലാണ് മനോഹരമായ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1 മുതൽ 4 വരെയുള്ള ക്ലാസുകൾ ഈ സ്കൂളിൽ ഉൾപ്പെടുന്നു. ഈ സ്കൂളിലെ പഠനമാധ്യമം മലയാളമാണ്. ഏത് കാലാവസ്ഥയിലും റോഡിലൂടെ ഈ സ്കൂളിൽ എത്തിച്ചേരാവുന്നതാണ്.

പഠനാവശ്യങ്ങൾക്കായി നാല് ക്ലാസ് മുറികൾ ഉണ്ട്. സ്കൂളിന് വൈദ്യുത കണക്ഷൻ, കുടിവെള്ള സ്രോതസ്സ് എന്നീ സൗകര്യങ്ങളുണ്ട്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേക ശുചിമുറികൾ പ്രവർത്തനക്ഷമമാണ്. 237 പുസ്തകങ്ങൾ അടങ്ങിയ ഒരു ചെറിയ ലൈബ്രറിയുണ്ട്. കുട്ടികൾക്ക് പ്രത്യേകമായ കളിസ്ഥലമില്ലെങ്കിലും കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ വിദ്യാലയമുറ്റത്ത് പൂന്തോട്ടമൊരുക്കിയിട്ടുണ്ട്. കുട്ടികൾക്കായി ഉച്ചഭക്ഷണ പദ്ധതി ഫലപ്രദമായി നടത്തിവരുന്നു. വിവരസാങ്കേതിക വിദ്യയുടെ വിശാലമായ ലോകത്തിലേക്ക് കുട്ടികളെ നയിക്കുന്നതിനായി രണ്ട് കമ്പ്യൂട്ടർ പ്രവർത്തനക്ഷമമാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
3. മാനവികത, സ്നേഹം, കരുണ, വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.
4.

## പദ്ധതി രൂപീകരണ പ്രക്രിയ - ഘട്ടങ്ങൾ.

1. SRG യോഗം, സ്റ്റാഫ് യോഗം, PTA യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.
2. അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, എസ്റ്റിമേറ്റ് തുക, കാലയളവ് പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
3. കരട്, രൂപരേഖ, SRG, SMC, PTA, MPTA, എന്നിവർക്ക് മുമ്പിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും, പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ,കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.
* ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയ പഠനപിന്തുണാ സംവിധാനങ്ങൾ എല്ലാ വിദ്യാർഥിക്കും ഒരു പോലെ പ്രാപ്തമാക്കുകയും, അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* വിദ്യാലയവിഭവങ്ങൾ (മൈതാനം, ഉദ്യാനം, കുടി ഉപകരണങ്ങൾ) വിദ്യാർഥി സൗഹൃദമായി രൂപകൽപന ചെയ്യുന്നു.
* വിദ്യാർഥികളും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർഥികളും അധ്യാപകരും തമ്മിലും, അധ്യാപകരും അധ്യാപകരും തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* പാർശ്വവത്കരിക്കപ്പെട്ട, പ്രത്യേകപരിഗണനയർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം.
* ഇംഗ്ലീഷ് പഠന പരിപോഷണം.
* ശാസ്ത്രപോഷണ പരിപാടി.
* വായനാ പരിപോഷണം.
* നാടകക്കളരി.
* ജൈവ വൈവിധ്യപാർക്ക്
* പഠനയാത്ര
* കലാ കായിക പ്രവർത്തനം.
* ഐ.ടി പരിശീലനം
* ക്ലാസ് പി.ടി.എ സജീവമാക്കൽ
* സ്കൂൾ പത്രം, ദിനാചരണം.
* പ്രവൃത്തി പരിചയപഠനം.
* S.R.G ശാക്തീകരണം.
* ബോധവൽക്കരണ ക്ലാസ്.
* അദ്ധ്യാപക ശാക്തീകരണ പരിപാടി.
* പച്ചക്കറിത്തോട്ടം.
* പോഷകാഹാര പരിപാടി
* എയ്റോബിക്സ്, സുംബ.
* ESO മൂല്യനിർണ്ണയം, നിരന്തര മൂല്യനിർണ്ണയം

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 1. | അക്ഷര ജ്യോതി | വായിക്കാനും എഴുതാനും പ്രയാസം അനുഭവപ്പെടുന്ന 1,2,3,4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്ന വരാക്കി മാറ്റി എഴുതാനും, വായിക്കാനും കഴിവുള്ള വരാക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം, അക്ഷര കാർഡ്, അക്ഷര ചാർട്ട്, അക്ഷര കഥകൾ, പദ ചാർട്ട്. | 2025-26. |
| 2. | വായനാ കൂട്ടം. | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനാ മരം - ഒരു മരത്തിനു ചുറ്റും, ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനാ കൂട്ടം. | മരത്തിനു ചുറ്റും വാക്യങ്ങൾ, കാർഡുകൾ, എന്നിവ നൽകി വാക്യ നിർമ്മാണം ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ കഥാ, കവിതാ രചയിതാക്കളെ പരിചയപ്പെടുത്തൽ (വേഷം കെട്ടൽ) | 〃 |
| 3. | അറിവുത്സവം | പത്രവാർത്തകൾ ആനുകാലിക വിഷയങ്ങൾ വായിച്ച് അറിവ് നേടുക. ക്വിസ് മത്സരങ്ങൾ (ദിനാചരണങ്ങൾ) എൽ.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം. | പത്രക്വിസ് പതിപ്പ് തയ്യാറാക്കൽ ക്വിസ് മത്സരം വീഡിയോ അവതരണം. | 〃 |

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 4. | ഗണിതമേള | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും മെട്രിക് അളവുകൾ അളക്കുന്നതിനുള്ള അവസരമൊരുക്കൽ. | മഞ്ചാടിക്കുരു, സ്റ്റിക്ക്, ബോൾ ഉപയോഗിച്ച് എണ്ണം തിട്ടപ്പെടുത്തുന്നു. അളവുതൂക്കം പരിചയപ്പെടുത്തൽ നീളം അളക്കൽ, ഭാരം അളക്കൽ, വെള്ളമളക്കൽ [illegible], കുട്ടിക്കട ഒരുക്കൽ | |
| 5. | English Corner | കമ്പ്യൂട്ടർ സഹായത്തോടെ നടപ്പാക്കപ്പെടുന്ന പ്രത്യേക പരിപാടി ഇംഗ്ലീഷ് സംസാരം കേൾക്കാനും, പറയാനും കഴിവ് വർധിപ്പിക്കുന്നു. ~~Eng~~ ഇംഗ്ലീഷ് പത്രം വായന, മാസിക വായന, ഇംഗ്ലീഷ് കാർഡുകൾ ഉപയോഗം | Skit റോൾ പ്ലേ. ഇംഗ്ലീഷ് കാർഡ് തയ്യാറാക്കൽ ഡ്രാമ കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗം ഒരുക്കൽ. ഇംഗ്ലീഷ് ക്ലബ്ബ്. ഗെയിംസ്. വായനാകാർഡ് (ഇംഗ്ലീഷ്) | |
| 6. | പരിസര ജാലകം. | പരിസരത്തിന്റെ സംരക്ഷണ കഴിവുകൾ നേടുക. പരിരക്ഷണം, നിരീക്ഷണം എന്നിവയിൽ ധാരണ നേടുക. | മരത്തൈ നടൽ, ശുചീകരണ പ്രവർത്തനങ്ങൾ, പ്രകൃതി നടത്തം ജൈവവൈവിധ്യ ഉദ്യാനം. | |

| | | | | |
|---|---|---|---|---|
| 7 | രുചിമേളം. | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ അവസരം. | പച്ചക്കറിത്തോട്ടം. ഫുഡ് ഫെസ്റ്റ്, രുചി മേള, ആരോഗ്യക്ലബ്ബ്. | |
| 8 | സുരക്ഷിതയാത്ര | ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കുക. പാലിക്കുക. | സിഗ്നലുകൾ വരച്ച ചാർട്ട്, ICT സാധ്യത ട്രാഫിക് ചിഹ്നങ്ങൾ മോഡൽ തയ്യാറാക്കൽ. | |
| 9 | മാനസികാരോഗ്യ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ.. ബോധവൽക്കരണ ക്ലാസുകളിലൂടെ ലഹരിയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുന്നു. മാനസികാരോഗ്യവും കായികക്ഷമതയും വർദ്ധിപ്പിക്കുന്നു. | ആരോഗ്യക്ലബ്ബ് സുംബ എറോബിക്സ്. ബോധവൽക്കരണ ക്ലാസുകൾ. കളികൾ. കായിക മേള. | |

പുതിയ കാലം, പൊതു ഇടങ്ങളെ അപ്രസക്തമാകുന്ന രീതിയിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും, പൊതുസ്ഥലവും വിദ്യാലയമാണ്. മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസ ലോകം ഇന്ന് കമ്പോളത്തിന് വിധേയമായിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ സാർത്ഥകമായി മാറ്റാനുള്ള പ്രായോഗിക പ്രവർത്തനവുമാണ് കേരളം ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. സമഗ്രവും ശാസ്ത്രീയവുമായ ബദൽ പ്രവർത്തനമാണ് ഇത്. കേരളത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങൾക്കു തുടർച്ച ഉണ്ടാക്കുന്നതിനും, പുതിയ ലോകം സൃഷ്ടിക്കാനുമുള്ള കർമ്മ പദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.